വിശകലനം

●

പ്രഫ. ഖുർശിദ് അഹ്മദ്

# അമേരിക്കയുടെ ഭീകരതാവിരുദ്ധ യുദ്ധത്തിന്റെ പുതിയ ഉന്നം



*റോഡ്രിഗസ് സപ്പാറ്ററോ*

**അമേരിക്കയിലെ ബുദ്ധിജീവികളും സൈന്യത്തിലെ മുൻ കമാന്റർമാരും നയതന്ത്ര പ്രതിനിധികളും ഇറാഖിലേതുപോലെ അഫ്ഗാനിലും അമേരിക്കയുടെ പരാജയം സമ്മതിക്കുന്നു. അമേരിക്കയിലെ ഫോറിൻ അഫയേഴ്സ് ജേർണലിന്റെ പുതിയ ലക്കത്തിൽ ഇക്കാര്യം സമ്മതിക്കുന്ന രണ്ട് ലേഖനങ്ങളുണ്ട് (2008 സെപ്റ്റംബർ – ഒക്ടോബർ ലക്കം)**

**മുൻ ബ്രിട്ടീഷ്** പ്രധാനമന്ത്രി ടോണി ബ്ലയറുമായി അമേരിക്കൻ പ്രസിഡന്റ് ജോർജ് ബുഷ് നടത്തിയ കൂടിക്കാഴ്ചയിൽ പറഞ്ഞു: 'ഭീകരതക്കെതിരെയുള്ള യുദ്ധത്തിൽ അഫ്ഗാനിസ്താനെയും ഇറാഖിനെയും മാത്രമല്ല ഇറാനെയും സുഊദി അറേബ്യയെയും പാകിസ്താനെയും കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്.' ബ്ലയർ ഇതിനോട് പൂർണമായി യോജിപ്പു പ്രകടിപ്പിച്ചു.

ഇസ്രയേലി ലോബിയുമായും നിയോ കോണുകളു(Neo-Cons)മായും ബന്ധമുള്ള ബുഷിന്റെ ഉപദേഷ്ടാവ് നേരത്തെ തന്നെ ഇക്കാര്യം വ്യക്തമാക്കിയിരുന്നു. മധ്യപൗരസ്ത്യ ലോകത്തിന്റെ രാഷ്ട്രീയ ചിത്രം മാറ്റിവരക്കുകയും പാകിസ്താനെ പൂർണമായും ഇല്ലാതാക്കുകയും ചെയ്യുകയെന്നത് അമേരിക്കയുടെ ലക്ഷ്യമായിരിക്കണം.

നേരത്തെ ഹെൻറി കിസിഞ്ചർ പറഞ്ഞത് ഇതോട് ചേർത്തു വായിക്കേണ്ടതാണ്. "ഭീകരതാ വിരുദ്ധ യുദ്ധം എന്നത് തെറ്റായ ഒരു ശീർഷകമാണ്. കാരണം ഭീകരത ഒരു രാഷ്ട്രീയ പ്രസ്ഥാനമല്ല; മറിച്ച് ഒരു പ്രവർത്തന രീതിയാണ്."

അമേരിക്ക ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന യുദ്ധത്തിന്റെ ലക്ഷ്യമെന്താണെന്ന ചോദ്യത്തിന് ലഭിച്ച മറുപടി 'റാഡിക്കൽ ഇസ്‌ലാം' എന്നായിരുന്നു. റാഡിക്കൽ ഇസ്‌ലാം എന്നതിന്റെ വിശദീകരണമാകട്ടെ 'സെക്യുലർ അല്ലാത്തത് ഒക്കെയും' (that which is not secular) എന്നും (*ഡോൺ* 18.09.2008).

ചാക്കിലടച്ച പൂച്ച പുറത്തേക്ക് ചാടാൻ ശ്രമിക്കുകയായിരുന്നു. ഇപ്പോൾ രണ്ടു മാസത്തിനുള്ളിൽ അമേരിക്കൻ സൈന്യം പാകിസ്താന്റെ വ്യോമാതിർത്തി ലംഘിച്ചു, പൈലറ്റില്ലാത്ത യുദ്ധ വിമാനങ്ങളും ഹെലികോപ്റ്ററുകളും ഏറ്റവുമൊടുവിൽ എഫ്-16 മിസൈൽ വാഹിനികളുമുപയോഗിച്ച് ബോംബ് വർഷിച്ചു. സെപ്റ്റംബർ 3-ന് അവർ അംഗോറാ താവളത്തിനടുത്ത് കുഴിയെടുക്കുകയും മറ്റും ചെയ്യുകയുണ്ടായി.

2008 ജൂലൈയിൽ പ്രസിഡന്റ് ബുഷ്, പാകിസ്താന്റെ മണ്ണിൽ മുൻ സെക്രട്ടറിയെ വിവരമറിയിക്കാതെ തന്നെ സൈനിക നടപടികൾക്ക് കൽപന കൊടുത്തിരുന്നതായി *ന്യൂയോർക്ക് ടൈംസ്* വ്യക്തമാക്കിയതോടെ അമേരിക്കൻ താൽപര്യം മറനീക്കി വെളിച്ചത്തു വരികയാണ്.

പാകിസ്താൻ ഭരണകൂടത്തിന്റെ ഭീതിയോടെയുള്ള ദുർബല പ്രതിഷേധവും നാം കണ്ടു. അമേരിക്കൻ സൈനിക മേധാവി അഡ്മിറൽ മുള്ളർ ഇസ്‌ലാമാബാദിൽ പ്രധാനമന്ത്രിയെ അനുമോദിച്ചുകൊണ്ട് പ്രസംഗിക്കുമ്പോൾ തന്നെ, അമേരിക്കൻ സേന പാകിസ്താൻ അതിർത്തിയിൽ ബോംബിട്ടു സിവിലിയൻമാരെ കൊല്ലുകയായിരുന്നു. പാക് സൈന്യത്തെ സ്വന്തം പൗരന്മാരെ ശത്രുക്കളായി കണ്ട് അവർക്കെതിരെ അണിനിരത്താനും പാകിസ്താന്റെ ന്യൂക്ലിയർ ശക്തി ക്ഷയിപ്പിക്കാനും ഐ.എസ്.ഐയിൽ മാറ്റംവേണമെന്ന് ഭീഷണിപ്പെടുത്താനുള്ള അമേരിക്കയുടെ ശ്രമം, ഈ ഗൂഢപദ്ധതിയുടെ ഭാഗംതന്നെയാണ്. കണ്ടില്ലെന്ന് നടിക്കുന്നതിന് ചികിത്സയില്ല. എന്നാൽ അമേരിക്കയുടെ ലക്ഷ്യം മനസ്സിലാക്കാൻ ഹൃദയത്തിലെ കണ്ണ് വേണ്ട; തലയിലെ കണ്ണു തന്നെ ധാരാളം.

നമ്മുടെ നിലപാട് എന്തായിരിക്കണമെന്നതാണ് അടിയന്തിര പ്രാധാന്യമർഹിക്കുന്ന ചോദ്യം. ചില നിർദേശങ്ങൾ സമർപ്പിക്കട്ടെ.

1. അമേരിക്കയുടെ ഭീകരതാ വിരുദ്ധ യുദ്ധത്തിന്റെ ലക്ഷ്യം അൽഖാഇദയോ താലിബാനോ അല്ല. മുസ്‌ലിം ലോകത്തിന്റെ ചിത്രം മാറ്റിവരക്കലാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അമേരിക്ക ലക്ഷ്യം നേടുകയില്ല. ഇറാഖിലും അഫ്ഗാനിസ്താനിലും അവരുടെ കാലുകൾക്കടിയിൽനിന്ന് മണ്ണ് നീങ്ങുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. അഫ്ഗാനിലെ പാവ ഭരണകൂടം ജനപിന്തുണയില്ലാത്തതും ചില പ്രദേശങ്ങളിൽമാത്രം അധീശത്വമുള്ളതുമാണ്. കറുപ്പു കച്ചവടം

പാരമ്യത്തിലെത്തിനിൽക്കുന്ന അവിടെ നിന്നാണ് ലോകത്തിന്റെ വിവിധ ഭാഗത്തേക്ക് മയക്കുമരുന്നിന്റെ 90 ശതമാനവും അയക്കുന്നത്. താലിബാൻ ഇന്ന് ഒരു മതസംഘടനയുടെ പേരല്ല. ദേശ സംരക്ഷണ സേനയായി ജനം അതിനെ കണക്കാക്കുന്നു. അമേരിക്കയിലെ ബുദ്ധിജീവികളും സൈന്യത്തിലെ മുൻ കമാന്റർമാരും നയതന്ത്ര പ്രതിനിധികളും ഇറാഖിലേതുപോലെ അഫ്ഗാനിലും അമേരിക്കയുടെ പരാജയം സമ്മതിക്കുന്നു. അമേരിക്കയിലെ *ഫോറിൻ അഫയേഴ്സ്* ജേർണലിന്റെ പുതിയ ലക്കത്തിൽ ഇക്കാര്യം സമ്മതിക്കുന്ന രണ്ട് ലേഖനങ്ങളുണ്ട് (2008 സെപ്റ്റംബർ - ഒക്ടോബർ ലക്കം).

പാകിസ്താൻ ഗവൺമെന്റും സൈനിക നേതൃത്വവും നയരൂപീകരണത്തിന്റെ ഉത്തരവാദികളും ഇക്കാര്യം മനസ്സിലാക്കി, അമേരിക്കക്ക് വേണ്ടി സ്വന്തം ജനതയെ കൊല്ലുന്നതിൽനിന്ന് പിന്തിരിയണം. അതിനായി അമേരിക്കയുടെ ഭീകരതാവിരുദ്ധ യുദ്ധത്തിൽനിന്ന് പിന്മാറുന്ന വിദേശനയം പ്രഖ്യാപിക്കുകയും വേണം.

2. രാഷ്ട്രീയ പ്രശ്നങ്ങൾക്ക് സൈനിക പരിഹാരം ഒരിക്കലും വിജയിച്ചിട്ടില്ല. അതിന് പരസ്പര സംഭാഷണത്തിലൂടെയും രാഷ്ട്രീയ നിലപാടിലൂടെയുമാണ് പരിഹാരം കാണേണ്ടത്. ആദ്യമായി അമേരിക്കൻ ആധിപത്യത്തെ നിരാകരിക്കണം. അവരുടെ do more ഉത്തരവിന് no more എന്ന് മറുപടി നൽകി നിരാകരിക്കുകയാണ് വേണ്ടത്. ഇതാണ് ജനതയുടെ ശബ്ദം. അമേരിക്കൻ സ്ഥാപനങ്ങൾ തന്നെ നടത്തിയ സർവേ പ്രകാരം 73 മുതൽ 90 ശതമാനം വരെ ആളുകൾ ഈ ഭീകരതാ വിരുദ്ധ യുദ്ധത്തിൽനിന്ന് പാകിസ്താൻ പിന്മാറണമെന്നാണ് അഭിപ്രായപ്പെട്ടത്.

3. പാർലമെന്റ് വിളിച്ചുചേർത്ത് ഏകകണ്ഠമായി ഭരണകൂടവും സൈന്യവും ജനതയും ഐക്യദാർഢ്യത്തോടെ ഇക്കാര്യം പ്രഖ്യാപിക്കണം.

4. ഈ യുദ്ധത്തിൽനിന്ന് സമയബന്ധിതമായി പിന്മാറുമെന്ന് അമേരിക്കക്ക് മുന്നറിയിപ്പ് നൽകണം.

5. നാറ്റോ രാഷ്ട്രങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നു, ഞങ്ങൾക്ക് അഫ്ഗാനിൽ മാത്രമാണ് പ്രവർത്തിക്കാനനുമതിയുള്ളത്. പാകിസ്താനിൽ യാതൊരു കാരണവശാലും ഞങ്ങളുടെ സേന പ്രവേശിക്കുകയില്ല. എന്നാൽ അമേരിക്ക നാണമില്ലാത്ത നിലപാടിൽ ഉറച്ചുനിൽക്കുന്നു. അതിന് ഒരു മറുപടിയേ ഉള്ളൂ 'ഭീകരതാ വിരുദ്ധ യുദ്ധത്തിന് ഞങ്ങളില്ല' എന്ന്. പിന്നെയും അമേരിക്ക സമ്മർദം ചെലുത്തിയാൽ, അതിർത്തിയിൽ സൈനിക നടപടികൾ തുടർന്നാൽ, അഫ്ഗാനിലെ മുഴുവൻ സേനകളെയും തിരിച്ചുവിളിക്കുകയും എല്ലാ നടപടികൾക്കും തിരിച്ചടി നൽകുകയും വേണം. അമേരിക്കയെ ആക്രമിക്കണമെന്നല്ല, അവരുടെ ആക്രമണത്തെ ചെറുക്കാൻ ബാധ്യതയുണ്ടെന്ന് ഓർമപ്പെടുത്തുക മാത്രമാണ്.

ലോകജനത സ്വന്തം ചെലവുകൾ കുറച്ച് സൈന്യത്തെ പോറ്റുന്നത് രാജ്യത്തിന്റെ അതിരുകൾ സംരക്ഷിക്കാനാണ്. അതവർ നിർവഹിക്കുമ്പോൾ ജനത അവർക്കൊപ്പമുണ്ടാകും. സ്വന്തം അതിരുകൾ കാക്കാൻ, മാന്യത സംരക്ഷിക്കാൻ പാകിസ്താന് സാധ്യമല്ലെന്നോ? അത് വെനിസ്വേലയെക്കാളും ക്യൂബയെക്കാളും ലബനനെക്കാളും ദുർബലമാണോ? ഇത് യുദ്ധത്തിന്റെയോ അടിച്ചൊതുക്കലിന്റെയോ പ്രശ്നമല്ല. അധികാരത്തിന്റെയും പരമാധികാരത്തിന്റെയും പ്രശ്നമാണ്. ഭരണകൂടത്തിന് മുട്ടു വിറച്ചാൽ ജനത സഹിക്കില്ല.

ഏത് പ്രശ്നത്തിനും നയതന്ത്ര-രാഷ്ട്രീയ പരിഹാരത്തിന് തന്നെയാണ് മുൻഗണന നൽകുന്നത്. അമേരിക്ക എല്ലാ അതിരുകളും ലംഘിച്ചിരിക്കുന്നു. പാകിസ്താനിലെ ജനതക്കും നേതൃത്വത്തിനും അമേരിക്കയുമായുള്ള യുദ്ധചങ്ങാത്തം അവസാനിപ്പിക്കുകയല്ലാതെ വേറെ വഴിയില്ല. സ്വന്തം വീടിന്റെ സുരക്ഷിതത്വത്തിനും നിർമാണ പ്രവർത്തനങ്ങൾക്കുമാണ് വിഭവങ്ങൾ ചെലവഴിക്കേണ്ടത്. സ്പെയിനും ഇറ്റലിയുമൊക്കെ ചെയ്തുകൊണ്ടിരിക്കുന്നത് ഇതാണ്. സ്വന്തം ജനതയുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനും മുൻതൂക്കം നൽകുകയാണ് നാറ്റോ അംഗരാജ്യങ്ങളായിട്ടും അവർ ചെയ്തത്.

ഫ്രഞ്ച് ചിന്തകനായ ഇമ്മാനുവൽ ടോഡോ സ്പെയിനിന്റെ ഈ പ്രതികരണത്തിൽനിന്ന് പാഠം ഉൾക്കൊള്ളാൻ നിർദേശിച്ചത്, പാകിസ്താനും സ്വീകരിക്കാവുന്നതാണ്. അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്:

"ഇറാഖിൽനിന്ന് സ്പാനിഷ് സൈന്യത്തിന്റെ പിന്മാറ്റം ഒരു പുതിയ പ്രതീക്ഷ നൽകുന്നു. വിപുലവും തുടർച്ചയുള്ളതുമായ ഭീകര പ്രവർത്തനമായിരിക്കാം ബുഷിന്റെ യുദ്ധങ്ങളുടെ ലക്ഷ്യം. എന്നാൽ സ്പെയിനിലോ ഇറ്റലിയിലോ ജപ്പാനിലോ അത്തരം മറ്റു രാജ്യങ്ങളിലോ ഒരു ഭീകരാക്രമണമുണ്ടായാൽ അവിടങ്ങളിലെ ജനസമൂഹം അനിശ്ചിത കാലം അതിന്റെ കെടുതികൾ അനുഭവിക്കുമായിരുന്നു. 2004 മാർച്ച് 11-ന് മാഡ്രിഡിൽ ഭീകരാക്രമണമുണ്ടായപ്പോൾ ജനങ്ങൾ എങ്ങനെ പ്രതികരിക്കുമെന്ന് യാതൊരു നിശ്ചയവുമുണ്ടായിരുന്നില്ല. ഇറാഖിനെതിരെയുള്ള യുദ്ധം ഭീകരത അവസാനിപ്പിക്കാനാണെന്ന ബുഷിന്റെ കള്ളം വിശ്വസിച്ചവരായിരുന്നു അവരും. ഭീകരാക്രമണത്തിന്റെ പ്രതികരണം അമേരിക്കയോട് കൂടുതൽ അടുക്കലും വംശീയവെറി വർധിക്കലുമായിരിക്കുമെന്ന് കരുതിയവർക്ക് തെറ്റി. യുദ്ധത്തിന്റെ അടിസ്ഥാനകാരണത്തെ അവഗണിക്കൽ, പഴയകാലത്തെപ്പോലെ എളുപ്പം യുദ്ധത്തിന്റെ കെണിയിൽ പെടാൻ കാരണമാകും. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണല്ലോ ഒന്നാം ലോകയുദ്ധം. ദേശീയ താൽപര്യങ്ങൾക്കായി തുടങ്ങിയതെങ്കിലും എത്ര പെട്ടെന്നാണ് അത് അനാവശ്യ രക്തച്ചൊരിച്ചിലായി മാറിയത്! യൂറോപ്യൻ സമൂഹം വർഷങ്ങളോളം ലക്ഷ്യബോധമില്ലാതെ യുദ്ധം ചെയ്തുകൊണ്ടിരുന്നു.

സ്പെയിനിന്റെ പ്രതികരണം പ്രതീക്ഷക്ക് വിരുദ്ധമായിരുന്നു. സ്പാനിഷ് വോട്ടർമാർ മുൻപ്രധാനമന്ത്രി ഇസ്നറെ പരാജയപ്പെടുത്തി. പുതിയ പ്രധാനമന്ത്രി റോഡിഗസ് സപ്പാറ്ററോ സ്ഥാനമേറ്റ ഉടനെ ഇറാഖിൽനിന്ന് സൈന്യത്തെ പിൻവലിച്ചു. വളർന്നുവരുന്ന ഭീകരതയെ അമർച്ച ചെയ്യാൻ ഇത് മതിയാവുമായിരുന്നു. നാം സ്പാനിഷ് ജനതയോടു ഇക്കാര്യത്തിൽ കടപ്പെട്ടിരിക്കുന്നു. ഒരു നിമിഷ നേരത്തേക്ക് ബുഷിന്റെ വാക്കുകൾ കടമെടുത്താൽ അവരുടെ വോട്ട്, അവരുടെ തീരുമാനം (മാൻഡേറ്റ്) യഥാർഥത്തിൽ തിന്മക്കെതിരെയുള്ള നന്മയുടെ വിജയമായിരുന്നു."

(*തർജുമാനുൽ ഖുർആൻ* 2008 ഒക്ടോബർ)

**വിവ: അബ്ദുർറഹ്മാൻ കൊടിയത്തൂർ**